പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 269

28/10/2019 ൽ മറുപടി നല്കേണ്ടത്.

# കാട്ടാക്കട മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ഐ.ബി. സതീഷ്** | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിതാശിശുവികസനവും വകുപ്പ് മന്ത്രി) |
| എ ) 2011-16 ൽ കാട്ടാക്കട മണ്ഡലത്തിൽ ആരോഗ്യ വകുപ്പിന് കീഴിൽ നടന്ന വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ, (അനുമതി ലഭ്യമായ പ്രവൃത്തിയുടെ പേര്, തുക,ആരോഗ്യകേന്ദ്രങ്ങളിലു ണ്ടായ മാറ്റം, സൃഷ്ടിക്കപ്പെട്ട തസ്തികകൾ) ലഭ്യമാക്കാമോ; | എ) 2013-2014 സാമ്പത്തിക വർഷത്തിൽ നബാഡിന്റെ ഫണ്ടിൽ നിന്നും വിളപ്പിൽ സാമൂഹികാരോഗ്യ കേന്ദ്രത്തിന് 60 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. ടി തുക വിനിയോഗിച്ച് മൂന്ന നില കെട്ടിടം പണിതിട്ടുണ്ട്. നിലവിൽ ഈ ആശുപത്രിയിൽ അനുവദിച്ച കിടക്കകളുടെ എണ്ണം 30 ആണ്. കൂടാതെ 4 കിടക്കകളോട് കൂടിയ പാലിയേറ്റീവ് ഐ.പി.യും , ഫാർമസിയും പ്രവർത്തിക്കുന്നുണ്ട്. പള്ളിച്ചൽ കുടുംബാരോഗ്യകേന്ദ്രത്തിൽ 2011-16 കാലഘട്ടത്തിൽ ഗ്രാമ പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ച് എക്സ്റേ യൂണിറ്റ് ആരംഭിച്ചു. മലയിൻകീഴ് താലൂക്കാശുപത്രിയ്ക്ക് വേണ്ടി എം. പി. ഫണ്ട് ഉപയോഗിച്ച് പുതിയ ഒ.പി കെട്ടിടം 2012 - ൽ പ്രവർത്തനം ആരംഭിച്ചു. ഇവിടെ ദന്തൽ അസിസ്റ്റന്റ് സർജന്റെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. കാട്ടാക്കട സി.എച്ച്.സി-യിൽ 2016 - ൽ വെള്ളനാട് പഞ്ചായത്ത് പ്രോജക്ടായി ടോയിലറ്റ് കോംപ്ലക്സ് നിർമ്മിച്ചിട്ടുണ്ട്. |
| ബി) ഈ സർക്കാർ അധികാര ത്തിൽ വന്നതിനു ശേഷമുള്ള വികസന പ്രവർത്തനങ്ങൾ മേൽ വിവരിച്ച പ്രകാരം തരംതിരിച്ച് ലഭ്യമാക്കാമോ? | ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കാട്ടാക്കട മണ്ഡലത്തിലെ ആരോഗ്യസ്ഥാപനങ്ങളിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>**1. കുടുംബാരോഗ്യകേന്ദ്രം, മാറനല്ലൂർ**<br>എം. എൽ.എ യുടെ വികസന ഫണ്ടിൽ നിന്ന് ഒ.പി ബ്ലോക്കിനായി 50,00,000/- രൂപ അനുവദിച്ചിട്ടുണ്ട്.<br>ഡോ. റ്റി.എൻ.സീമ എം. പി.യുടെ വികസന ഫണ്ടിൽ നിന്ന് 13,00,000/- രൂപ ചെലവിൽ പാലിയേറ്റീവ് പ്രവർത്തനങ്ങൾ സുഗമമായി നടപ്പിലാക്കുന്നതിനായി ഒരു ആംബുലൻസ് അനുവദിച്ചിട്ടുണ്ട്.<br>പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് 2016 മുതൽ 2020 |

വരെയുള്ള നാല് സാമ്പത്തിക വർഷങ്ങളിലായി 57,25,000/- രൂപ മരുന്നുകൾ വാങ്ങുന്നതിനും പാലിയേറ്റീവ് കെയറിനും, വയോജനപരിപാലനത്തിനും ആയി അനുവദിച്ചിട്ടുണ്ട്.

ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിലാണ് ടി ആശുപത്രിയെ കുടുംബാരോഗ്യകേന്ദ്രം ആയി ഉയർത്തിയത്. ടി സ്ഥാപനത്തിൽ ആർദ്രം പദ്ധതി പ്രകാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ എൻ.എച്ച്. എം. മുഖേന നടന്നു വരുന്നു.

**2. കുടുംബാരോഗ്യകേന്ദ്രം, പള്ളിച്ചൽ**

ടി സ്ഥാപനത്തെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുകയും മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു. അതിലേയ്ക്കായി താഴെ പറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

1. അസിസ്റ്റന്റ് സർജൻ -1
2. സ്റ്റാഫ് നഴ്സ് -2
3. ഫാർമസിസ്റ്റ് -1
4. ലാബ് ടെക്നീഷ്യൻ -1

**3. താലൂക്കാശുപത്രി, മലയിൻകീഴ്**

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മലയിൻകീഴ് സാമൂഹികാരോഗ്യകേന്ദ്രത്തെ താലൂക്കാസ്ഥാനാശുപത്രിയായി ഉയർത്തുകയും താഴെ പറയുന്ന തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു.

1. അസിസ്റ്റന്റ് ഡയറക്ടർ-1
2. കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ -4
3. ജൂനിയർ കൺസൾട്ടന്റ് -1
4. സ്ററാഫ് നഴ്സ് -3
5 ഫാർമസിസ്റ്റ് -1
6. ലാബ് ടെക്നീഷ്യൻ -1

ടി ആശുപത്രിയിൽ ഡോ. റ്റി.എൻ.സീമ എം.പിയുടെ വികസനഫണ്ടിൽ നിന്നും 21 ലക്ഷം രൂപ ചെലവിൽ ഡിജിറ്റൽ എക്സറേ സ്ഥാപിച്ചിട്ടുണ്ട്. 2018- 2019 പ്ലാൻ ഫണ്ടിൽ നിന്നും ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിന് 130 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നേമം ബ്ലോക്ക് പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ച് 2018-2019 സാമ്പത്തിക വർഷത്തിൽ എയർകണ്ടീഷൻ ചെയ്ത കോൺഫറൻസ് ഹാൾ നിർമ്മിക്കുകയും ടി ആശുപത്രിയിലെ പ്രൈമറി പാലിയേറ്റീവ് കെയർ യൂണിറ്റിനും സെക്കണ്ടറി പാലിയേറ്റീവ് കെയർ യൂണിററിനും വേണ്ടി ഡോ. എ സമ്പത്ത് എം.പിയുടെ

വികസന ഫണ്ടിൽ നിന്നും 17,20,783/- രൂപ ചെലവിൽ രണ്ട് ആംബുലൻസുകൾ വാങ്ങിയിട്ടുമുണ്ട്. കൂടാതെ നേമം ബ്ലോക്ക് പഞ്ചായത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ പ്രോജക്റ്റ് ഫണ്ട് ഉപയോഗിച്ച് 3,16,440/- രൂപ ചെലവിൽ പാലിയേറ്റീവ് വാർഡും നിർമ്മിച്ചിട്ടുണ്ട്. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി മലയിൻകീഴ് താലൂക്ക് ആശുപത്രിയുടെ അടിസ്ഥാനസൗകര്യവികസനത്തിനായി SPV യെ നിശ്ചയിച്ച് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ